പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3094 | 19-06-2018-ലെ മറുപടിയ്ക്ക്

## എഴുതിത്തള്ളുന്ന കാർഷിക കടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ഡോ.എം. കെ. മുനീർ<br>ശ്രീ.ടി. വി. ഇബ്രാഹിം** | ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ കാർഷിക കടങ്ങൾ എഴുതിത്തള്ളുവാൻ തീരുമാനിച്ചിട്ടുണ്ടോ;<br><br>(ബി) എങ്കിൽ എത്ര കോടി രൂപയുടെ കടങ്ങളാണ് എഴുതിത്തള്ളുന്നതെന്നും എന്നുമുതലാണ് പ്രാബല്യം നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (എ) & (ബി) കേരള കർഷക കടാശ്വാസ കമ്മീഷൻ കർഷകർക്ക് നൽകുന്ന അവാർഡുകളുടെ അടിസ്ഥാനത്തിൽ, സഹകരണ സംഘങ്ങൾ ബാങ്കുകളിൽനിന്നും എടുത്ത ലോണുകൾക്ക് കടാശ്വാസം അനുവദിച്ച് നൽകി വരുന്നു. വർഷം 20 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്താറുള്ളത്. വയനാട് ജില്ലയിൽ 31.03.2014 വരെയുള്ള കുടിശ്ശിക ആയ കാർഷിക വായ്പകളും മറ്റ് 13 ജില്ലകളിലെ 31.10.2011 വരെയുള്ള വായ്പകളും കാർഷിക കടാശ്വാസത്തിന് പരിഗണിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) എല്ലാ വിഭാഗം കർഷകർക്കും പ്രസ്തുത ആനുകൂല്യം ലഭിക്കുമോ; ഓരോ ജില്ലയിലും എത്ര കോടി രൂപയുടെ കടങ്ങൾ എഴുതിത്തള്ളുമെന്നും വെളിപ്പെടുത്തുമോ? | (സി) നാല് ഹെക്ടറിൽ കവിയാത്ത വിസ്തീർണ്ണമുള്ള ഭൂമി കൈവശം വച്ചിരിക്കുകയും വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ കവിയാത്തതും കൃഷി ഉപജീവനമാർഗ്ഗമാക്കുകയും ചെയ്യുന്നവരാണ് കടാശ്വാസത്തിന്റെ പരിധിയിൽപ്പെടുന്നത്.<br><br>സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുള്ള കർഷകർക്കാണ് കടാശ്വാസം നൽകി വരുന്നത്. ജില്ല തിരിച്ച് പ്രത്യേകം തുക വകയിരുത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**